(ബി)

വർഷം	പിടിക്കൂടിയ സ്പിരിറ്റ് (ലിറ്റർ)	കേസുകളുടെ എണ്ണം
2010	124518	112
2011	14334	52
2012	35105	72
2013	44667	46
2014 (25/11/2014 വരെ)	20108	26

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ - 403
ശിക്ഷിക്കപ്പെട്ടവർ - 19

(ഡി) 514 പേരുടെ അറസ്റ്റ് രേഖപ്പെടുത്താനുണ്ട്, 2821 കേസുകളിൽ കോടതിയിൽ കുറ്റപത്രം നൽകാനുണ്ട്.

നിർമ്മാണം പൂർത്തിയാക്കാത്ത തീരദേശ റോഡുകൾ

123 (124) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും, നിർമ്മാണം പൂർത്തിയാക്കാത്ത ഏതെല്ലാം തീരദേശ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും, നിർമ്മാണം പൂർത്തിയാക്കാത്ത തീരദേശ റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപടി സ്വീകരിക്കുന്നതാണ്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

124 (125) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് ഏത് തീയതിയിലായിരുന്നു; എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു; ക്വാളിഫൈ ചെയ്യപ്പെട്ടവർ ഏതൊക്കെ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വി.ജി.എഫ്. സംബന്ധിച്ച് ടെണ്ടറിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവോ ; കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വി.ജി.എഫ് സംബന്ധമായി അന്തിമ തീരുമാനം എടുത്തത് ഏത് തീയതിയിലാണ് ;

(സി) എണ്ണൂറ് കോടിയോളം രൂപ വി.ജി.എഫ്. ഇനത്തിൽ ലഭിക്കുന്ന രാജ്യത്തെ ആദ്യത്തെ ഇറമുഖ പദ്ധതി എന്ന നില കൈവരിച്ച സാഹചര്യത്തിൽ കൂടുതൽ മത്സരം ടെണ്ടറിൽ ഉണ്ടാകുന്നതിന് വീണ്ടും ആഗോള ടെണ്ടർ വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) സർക്കാർ-സ്വകാര്യ വിഹിതം സംബന്ധിച്ച് വിളിച്ച ടെണ്ടർ രേഖകളിൽ വ്യക്തതയുണ്ടായിരുന്നുവോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിയുടെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് 2013 ഡിസംബർ മാസം 4-ാം തീയതിയാണ്. ടി ടെണ്ടറിൽ 5 പ്രമുഖ കമ്പനികൾ പങ്കെടുത്തു. ക്വാളിഫൈ ചെയ്യപ്പെട്ട 5 സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

- Gammon Infrastructure Projects Limited
- Consortium of Concast Infratech Ltd. & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI - OHL Consortium
- Adani Ports & Special Economic Zone Ltd.

(ബി) കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടറുകൾ വിളിച്ചിട്ടുള്ളത്. 2014 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാരിന് നൽകിയ കൺസഷൻ എഗ്രിമെന്റ് ഉൾപ്പെടെയുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അപേക്ഷയിന്മേൽ 2014 ഒക്ടോബർ 29-ാംതീയതി കൂടി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റി (EC) തത്വത്തിൽ അംഗീകാരം നൽകി.

(സി & ഡി) കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ആഗോള ടെണ്ടർ വിളിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആയതിനാൽ വീണ്ടും ആഗോള ടെണ്ടർ വിളിക്കേണ്ടതിന്റെ ആവശ്യകതയില്ല. ഈ മാനദണ്ഡങ്ങളിൽ സർക്കാർ - സ്വകാര്യ വിഹിതം സംബന്ധിച്ച് വ്യക്തതയുണ്ട്.

കണ്ണൂർ വിമാനത്താവള നിർമ്മാണം

125 (126) · ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചതെന്നാണ്;

(ബി) സാങ്കേതിക ബിഡ്ഡിൽ എത്ര സ്ഥാപനങ്ങളാണ് യോഗ്യത നേടിയത്; അവ ഏതെല്ലാം ;

(സി) സാങ്കേതിക ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് തുറന്നതെന്നാണ്;

(ഡി) ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചത് ഏത് സ്ഥാപനത്തെയാണ്;

(ഇ) എത്ര കോടി രൂപയുടെ ഏതെല്ലാം പ്രവൃത്തികളാണ് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിലെ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ജി) തയ്യാറാക്കിയിട്ടുള്ള വർക്ക് ഷെഡ്യൂൾ അനുസരിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ EPC-1 ഘട്ടത്തിലുൾപ്പെടുന്ന റൺവേ നിർമ്മാണം, അനുബന്ധപ്രവൃത്തികൾ, റോഡുനിർമ്മാണം, ചുറ്റുമതിൽ മുതലായവയുടെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ആർ.എഫ്.ക്യു. 2013 ജനുവരി 22-നും ടെർമിനൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യോഗ്യരായവരുടെ RFQ-വിനായി 2014 ഫെബ്രുവരി 5 -നുമാണ് യഥാക്രമം ക്ഷണം പ്രസിദ്ധീകരിച്ചത്.

(ബി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളുടെയും സാങ്കേതിക ബിഡ്ഡിൽ

LIBRARY ARCHIVES Kerala Legislative Assembly